# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1753

10.03.2020 ൽ മറുപടിയ്ക്ക്

## ഹൈവേ പട്രോളിംഗ്

| ചോദ്യം<br>ശ്രീ.കെ.ബാബു. | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഹൈവേ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | ഹൈവേ പോലീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ഹൈവേ പോലീസ് വാഹനങ്ങളിൽ ട്രാഫിക് നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് ആൽക്കോമീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങളും, വാഹനാപകട സ്ഥലത്ത് മികച്ചസേവനം ലഭ്യമാക്കുന്നതിനായി ഫസ്റ്റ് എയ്ഡ് ബോക്സ്, സ്ട്രെച്ചർ, ടോർച്ച്, റോപ്പ് തുടങ്ങിയ ഉപകരണങ്ങളും നൽകിയിട്ടുണ്ട്. അതാത് റേഞ്ച് ഡി.ഐ.ജി മാർ ട്രാഫിക് എസ്.പി മാർ, ജില്ലാ പോലീസ് മേധാവിമാർ തുടങ്ങിയ ഉദ്യോഗസ്ഥർ ഹൈവേ പോലീസ് വാഹനങ്ങൾ നേരിട്ട് പരിശോധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. അവശ്യ സന്ദർഭങ്ങളിൽ ഹൈവേ പോലീസിന്റെ സേവനം വേഗത്തിൽ ലഭ്യമാക്കുന്നതിനായി പോലീസ് ആസ്ഥാനത്ത് പ്രവർത്തിക്കുന്ന ഹൈവേ അലർട്ട് സെൽ, ഹൈവേ പോലീസിന്റെ പ്രവർത്തനം ഏകോപിപ്പിച്ച് വരുന്നു. 9846100100 എന്ന ഹൈവേ അലർട്ട് നമ്പറിൽ കേരളത്തിൽ എവിടെയും ബന്ധപ്പെട്ട ഹൈവേ പോലീസിന്റെ സേവനം താമസം കൂടാതെ ലഭ്യമാണ്. |
| (ബി) | ഹൈവേ പട്രോളിംഗിനായി നിലവിൽ എത്ര യൂണിറ്റുകളാണ് ഉള്ളതെന്ന് വിശദമാക്കാമോ? | (ബി) | രണ്ട് മേഖലകളിലായി (ഉത്തര മേഖല-26 ഉം, ദക്ഷിണ മേഖല-27 ഉം) കേരളത്തിലെ ദേശീയ പാതയിലും, സംസ്ഥാനപാതകളിലുമായി 53 ഹൈവേ പോലീസ് വാഹനങ്ങൾ 24 മണിക്കൂറും പ്രവർത്തിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ